## നാം ചെയ്യാനുള്ളത്

ഇനി മനുഷ്യന്റെ ഊഴം. യേശുക്രിസ്തു ക്രൂശിലൂടെ സാധ്യമാക്കിയ പാപമോചനം, ഓരോ മനുഷ്യരും, വ്യക്തപരമായി സ്വന്തമാക്കണം. യഥാർത്ഥ അനുതാപ ഹൃദയത്തോടെ സ്വന്തം പാപങ്ങൾ ഏറ്റുപറയണം. ക്രിസ്തു ക്രൂശിൽ മരിച്ചത് എന്റെ പാപത്തിന്റെ പരിഹാരമായിട്ടായിരുന്നു എന്ന് സമ്മതിക്കണം. ദൈവപുത്രനെ ജീവിതത്തിലേക്ക് ക്ഷണിക്കണം. ഇപ്പോൾ, ഈ നിമിഷംതന്നെ നിങ്ങൾ ആയിരിക്കുന്ന ഇടത്ത് ഇരുന്നുകൊണ്ടുതന്നെ ഒരു പ്രാർത്ഥനയിലൂടെ അങ്ങനെ ചെയ്യാവുന്നതാണ്. ഈ പ്രക്രിയ വളരെ ലളിതം എന്ന് തോന്നാമെങ്കിലും വിശ്വാസത്തിന്റെ ഒരു വലിയ ചുവടുവയ്പ്പാണിത്.

പ്രിയ സ്നേഹിതാ, ദൈവത്തിങ്കലേക്ക് മടങ്ങിവരുവാൻ, സ്വർഗത്തിന്റെ അവകാശിയാകുവാൻ, നിത്യജീവൻ സ്വന്തമാക്കുവാൻ, ദൈനംദിന ജീവിതത്തിൽ ദൈവകൃപ അനുഭവിക്കുവാൻ ഇതല്ലാതെ മറ്റൊരു മാർഗവുമില്ല. ദൈവം തന്നെ തയ്യാറാക്കിയ ഈ മാർഗത്തോട് മറുതലിച്ച് മറ്റ് ഏതെങ്കിലും വഴിയിലൂടെയൊക്കെ സഞ്ചരിക്കുവാൻ താങ്കൾ ശ്രമിക്കുന്നത് അപകടകരമാണെന്ന് കൂടെ പറയട്ടെ.

കാരണം, നമ്മുടെ ഈ ഭൂമിയിലെ ജീവിതം നശ്വരമാണ്. എപ്പോൾ പൂർണ്ണവിരാമം കുറിക്കപ്പെടുമെന്ന് ആർക്കും അറിയില്ല. അതിന് മുമ്പുതന്നെ (ഈ നിമിഷം തന്നെ) ഒരു തീരുമാനമെടുക്കുവാനുള്ള ഔചിത്യം കാട്ടുക. നിങ്ങളുടെ പ്രശ്നങ്ങൾ എന്തുതന്നെ ആയാലും അവയ്ക്കെല്ലാം യേശുക്രിസ്തുവിൽ സമ്പൂർണ്ണ പരിഹാരമുണ്ട്. ഇനി നാം ഒരിക്കലും കണ്ടുമുട്ടിയില്ല എന്നുവരാം. എന്നാൽ ഞാൻ തിരിച്ചറിഞ്ഞ ഈ സുപ്രധാന വിഷയം ഇവിടെ പങ്കുവച്ചു കഴിഞ്ഞു. എന്താണ് താങ്കളുടെ പ്രതികരണം? ഇത് ഈ ജീവിതത്തെയും വരുവാനുള്ള ലോകത്തിലെ നിത്യമായ ജീവിതത്തെയുമൊക്കെ ബാധിക്കുന്ന കാര്യമാണ് അതുകൊണ്ട് ലാഘവത്തോടെ ഈ സന്ദേശത്തെ അഗണ്യമാക്കിക്കളയരുതേ എന്ന് മാത്രമാണ് എന്റെ അഭ്യർത്ഥന. ദൈവം താങ്കളെ സ്നേഹിക്കുന്നു. ആ സ്നേഹത്തിന് പുറം തിരിഞ്ഞുനിൽക്കരുത്.




**GK**

SATHGAMAYA MEDIA FOUNDATION
PO Box- 44, Pathanamthitta, Kerala - 689645 Phone: 7904342384. info@sathgamaya.org www.sathgamaya.org

EBENEZER - 0487 2360992




# ഞാൻ ഒരു കാര്യം പറഞ്ഞോട്ടെ...

## ഞാനൊരു കാര്യം പറഞ്ഞോട്ടെ?

'വേണ്ട' എന്നാണ് നിങ്ങളുടെ ഉത്തരമെങ്കിലും, ക്ഷമിക്കണം, എനിക്ക് പറയാതിരിക്കാനാവില്ല. കാരണം ഇത് അത്രമാത്രം പ്രധാനപ്പെട്ട ഒരു കാര്യമാണ്. എല്ലാ മനുഷ്യരും തീർച്ചയായും അറിഞ്ഞിരിക്കേണ്ട ഏറെ പ്രാധാന്യമർഹിക്കുന്ന ഒരു വസ്തുത. സത്യത്തിൽ ഇത് താങ്കളുടെ ജീവിതത്തെ മുഴുവൻ ബാധിക്കുവാൻ പോകുന്ന നിർണായകമായ ഒരു സന്ദേശമാണ്.

ഈ കാര്യം കേട്ടതിനുശേഷം എങ്ങനെയും പ്രതികരിക്കുവാനുള്ള സ്വാതന്ത്ര്യം താങ്കൾക്കുണ്ട്. വേണമെങ്കിൽ പൂർണ്ണമായും തിരസ്ക്കരിക്കാം. എങ്കിലും വിഷയത്തിന്റെ പ്രാധാന്യം പരിഗണിച്ച് അല്പം സമയം ദയവായി എനിക്ക് തരിക, ഇതൊന്നു ശ്രദ്ധിക്കുവാൻ വേണ്ടി. ഇനി വിഷയത്തിലേക്ക് കടക്കാം.




നാം അധിവസിക്കുന്ന ഈ പ്രപഞ്ചത്തെയും ചരാചരങ്ങളെയുമെല്ലാം സൃഷ്ടിച്ചത് ഏകസത്യ ദൈവമാണ്. അതേ ദൈവം തന്നെയാണ് സൃഷ്ടിയുടെയെല്ലാം മകുടമായി ഞാനും നിങ്ങളുമടങ്ങുന്ന മനുഷ്യസമൂഹത്തിനു രൂപം നൽകിയതും. ദൈവത്തിന്റെ സ്നേഹവും സൗഹാർദ്ദവും സമ്പൂർണ്ണമായി ഏറ്റുവാങ്ങുവാനുള്ള ഒരു പാത്രമായിരുന്നു മനുഷ്യൻ. അതുകൊണ്ട് തന്നെ ഇതര സൃഷ്ടിജാലങ്ങളിൽ നിന്നും വ്യത്യസ്തമായി ദൈവികപ്രകൃതത്തിന്റെ സാദൃശ്യത്തിലും സാരൂപ്യത്തിലുമാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്. ചിന്തിക്കുവാനും സ്വയം തീരുമാനം എടുക്കുവാനുമുള്ള വിവേചനാശക്തിയായിരുന്നു മനുഷ്യന്റെ ഏറ്റവും വലിയ കരുത്ത്.

എന്നാൽ, ഏറെ വൈകാതെ, ആ കരുത്ത് തന്നെ മനുഷ്യന്റെ ബലഹീനതയായി മാറി. തന്റെ സ്രഷ്ടാവും പരിപാലകനുമായ ദൈവത്തെ അവിശ്വസിക്കുവാനും നിരാകരിക്കുവാനും മനുഷ്യൻ തീരുമാനിച്ചു. തിന്മയുടെ അവതാരമായ പിശാചിന്റെ പ്രേരണയാണ് അതിന് മുഖാന്തിരമായി തീർന്നത്. ആദിമനുഷ്യരായ ആദവും ഹവ്വയും പറുദീസയിൽ പാർക്കുമ്പോഴാണ് തിന്മയുടെ/പാപത്തിന്റെ/അശുദ്ധിയുടെ പാത അവർ സ്വയം തെരഞ്ഞെടുത്തത്. അതോടെ വിശുദ്ധനായ ദൈവവുമായുള്ള സഹിത്വം മനുഷ്യന് നഷ്ടമായി. വിശുദ്ധമായ പറുദീസയിൽ നിന്നും അവൻ നിഷ്കാസിതനായി. പിന്നെ അവന്റെ പ്രയാണം ദുഷ്ടാരൂപിയോടൊപ്പം നരകത്തിന്റെ വഴികളിൽ തന്നെയായി. ഓരോ ദിവസം കഴിയുന്തോറും മനുഷ്യന്റെ ദുഷ്ടത കൂടുതൽ വർദ്ധിക്കുന്നതായി മാധ്യമങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. ഇവിടെയൊരു ചോദ്യം പ്രസക്തമാണ്.

## ഈ യാത്രയുടെ അന്ത്യം ...?

തിന്മയുടെ വഴിയിലൂടെയുള്ള മനുഷ്യരാശിയുടെ യാത്ര എവിടെയാണ് ചെന്ന് അവസാനിക്കുന്നത്? ബൈബിളിലാണ് ഈ ചോദ്യത്തിന് വ്യക്തമായ ഒരുത്തരം





ലഭിക്കുന്നത്. "പാപത്തിന്റെ ശമ്പളം മരണമത്രേ" (റോമർ 3:23). മറ്റൊരു ഭാഷയിൽ, പാപിയുടെ മാർഗം ചെന്നവസാനിക്കുന്നത് നിത്യമരണത്തിന്റെ പര്യായമായ നരകത്തിലാണ്. പിശാചിനും ദുഷ്ടതയുടെ എല്ലാ കിങ്കരന്മാർക്കും വേണ്ടി തയ്യാറാക്കിയിട്ടുള്ള നിത്യദണ്ഡനസ്ഥാനമാണ് നരകം എന്നു പറയുന്നത്.

എന്നാൽ തന്റെ സൃഷ്ടിയുടെ മകുടമായ മനുഷ്യനെ അവിടേക്ക് പറഞ്ഞയയ്ക്കുവാൻ സ്നേഹവാനായ ദൈവത്തിനാവില്ല. അപ്പോൾ തന്നെ, പാപിയായ മനുഷ്യനെ പറുദീസയിലേക്ക് അതേനിലയിൽ സ്വീകരിക്കുവാനും പരിശുദ്ധനായ ദൈവത്തിന് സാധിക്കില്ല. തെറ്റു ചെയ്തവൻ കുറ്റത്തിന്റെ ശിക്ഷ അനുഭവിക്കണം എന്ന ദൈവികനീതിയും ഇതിന് തടസമായി നിൽക്കുന്നു.

ഒരു മടങ്ങിവരവിനു വേണ്ടി മനുഷ്യൻ എക്കാലവും ശ്രമങ്ങൾ നടത്തുന്നുണ്ട് എന്നത് മറ്റൊരു സത്യം. വഴിപാടുകളും, തീർത്ഥയാത്രകളും, ദാനധർമ്മങ്ങളും സൽപ്രവർത്തികളുമൊക്കെ ആ ശ്രമങ്ങളുടെ ഭാഗമാണ്. എന്നാൽ അവയൊന്നും മനുഷ്യനും ദൈവത്തിനുമിടയിൽ രൂപം കൊണ്ട വേർപാട് പൂരിപ്പിക്കുവാൻ പര്യാപ്തമല്ല.

## മോചനത്തിന്റെ വഴി...

ഇവിടെയാണ് ദൈവം തന്നെ ഒരുക്കിയ മോചന മാർഗത്തിന്റെ പ്രസക്തി. മനുഷ്യന് ദൈവത്തിങ്കലേക്ക് മടങ്ങിവരുവാൻ, ദൈവം തയ്യാറാക്കിയ രക്ഷാമാർഗമാണ് രണ്ടായിരം വർഷങ്ങൾക്കുമുമ്പ് യരുശലേമിലെ ഗോൽഗോഥാ എന്ന കുന്നിൻമീതെ ഉയർത്തപ്പെട്ട കുരിശ്. സർവ്വലോകരുടെയും പാപം തന്നിൽതന്നെ ഏറ്റെടുത്തുകൊണ്ട് ദൈവപുത്രനായ യേശുക്രിസ്തു ഈ ക്രൂശിൽ ഒരു യാഗമൃഗമായി മരണം വരിച്ചു. മൂന്നാം ദിവസം, സാക്ഷാൽ മരണത്തിന്റെ പ്രതീകമായ പിശാചിനെ പരാജയപ്പെടുത്തി, യേശുക്രിസ്തു ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു.




യേശുവിന്റെ ജനനവും, ജീവിതവും മരണവും ഉയിർത്തെഴുന്നേൽപ്പുമെല്ലാം അതുല്യമായിരുന്നു. യേശു ഒരുക്കിയ രക്ഷാമാർഗവും അതുല്യം തന്നെ. പാപിയെ വീണ്ടെടുക്കുവാൻ പാപത്തിന് പരിഹാരമാകുവാൻ മറ്റൊരു മോചനമാർഗവും മനുഷ്യചരിത്രത്തിൽ ഒരിക്കലും നിർദ്ദേശിക്കപ്പെട്ടിട്ടില്ല. അങ്ങനെ ദൈവം, കാലസമ്പൂർണ്ണതയിൽ മനുഷ്യനുവേണ്ടി ഒരു രക്ഷാവഴി തുറന്നു. ഇത് ജാതി മതഭേദം കൂടാതെ, വർഗ വർണ്ണ വ്യത്യാസം ഇല്ലാതെ എല്ലാവർക്കും വേണ്ടിയുള്ള രക്ഷാമാർഗമാണ്.